**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1772** **06.07.2015 ന് മറുപടിയ്ക്ക്**

**മദ്യ നിരോധനത്തിന്റെ ഗുണ-ദോഷ വശങ്ങളും സർക്കാർ വരുമാനവും**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.എ.കെ.ബാലൻ**<br>**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**,, ജെയിംസ് മാത്യു**<br>**,, എസ്.രാജേന്ദ്രൻ :** | | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) അംഗീകൃത മദ്യഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം തിട്ടപ്പെടുത്തുന്നത് എത്രത്തോളം യാഥാർത്ഥ്യമായിരിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) | അംഗീകൃത മദ്യഷോപ്പുകളുടെയും, ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം പൂർണ്ണമായും തിട്ടപ്പെടുത്തുവാൻ സാധിക്കില്ല. |
| (ബി) ബാറുകളെ ആശ്രയിച്ചിരുന്ന ഒരു വിഭാഗം ഉപഭോക്താക്കളിപ്പോൾ കള്ളവാറ്റുകാരെയും സെക്കൻറ്സ് മദ്യങ്ങളെയും ആശ്രയിക്കുന്നതായി അറിയാമോ; | (ബി) | സംസ്ഥാനത്ത് പഞ്ചനക്ഷത്ര ഹോട്ടലുകൾ ഒഴികെയുള്ളവയ്ക്ക് ബാർ ലൈസൻസ് നിർത്തലാക്കിയ പശ്ചാത്തലത്തിൽ അനധികൃത മദ്യ വില്പനയെ ആശ്രയിക്കുന്ന ചുരുക്കം ഉപഭോക്താക്കളുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അനധികൃത മദ്യവില്പനക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) എങ്കിൽ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ മദ്യഉപഭോഗം തിട്ടപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; | (സി) | കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പനയുടെ കണക്കുകളാണ് അംഗീകൃത കണക്കായി എക്സൈസ് വകുപ്പിന്റെ പക്കലുള്ളത്. വ്യാജമദ്യ വില്പന ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ നിർത്തലാക്കുന്നതിനുള്ള കർശന നടപടി എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) ബാറുകളുടെ ലൈസൻസ് റദ്ദു ചെയ്തതിനുശേഷം സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണ യൂണിറ്റുകളും, വ്യാജ മദ്യവില്പന കേന്ദ്രങ്ങളും കണ്ടെത്തുകയുണ്ടായിട്ടുണ്ടോ; മുൻവർഷത്തേയും ഈ | (ഡി) | ബാറുകളുടെ ലൈസൻസ് റദ്ദു ചെയ്തതിനുശേഷം സംസ്ഥാനത്ത് 12 വ്യാജമദ്യ നിർമ്മാണ യൂണിറ്റുകളും,65 വ്യാജ മദ്യവില്പന കേന്ദ്രങ്ങളും, കോട്ടയം ജില്ലയിൽ ഒരു ചാരായ വാറ്റ് കേന്ദ്രവും കണ്ടുപിടിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. 2014 വർഷത്തേയും ഈ വർഷത്തേയും അബ്കാരി കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

വർഷത്തേയും അബ്കാരി കേസുകളുടെ ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

| വർഷം | അബ്കാരി കേസുകളുടെ എണ്ണം | തൊണ്ടി സാധനങ്ങളുടെ വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|
| | | സ്പിരിറ്റ് | ചാരായം | വിദേശമദ്യം | കള്ള് | അരിഷ്ടം | ബിയർ |
| 2014 | 13676 | 34433 | 3016 | 35350 | 10551 | 10384 | 4263 |
| 2015 മെയ് വരെ | 6085 | 6837 | 1385 | 14742 | 3126 | 4736 | 1410 |

(ഇ) മുൻവർഷം സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം എത്ര കോടിയായിരുന്നു; തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന വരുമാനം ബജറ്റിൽ കണക്കാക്കപ്പെട്ടതെത്ര; മദ്യനിരോധനത്തിന്റെ പശ്ചാത്തലത്തിൽ വരുമാനത്തിലെ പ്രതീക്ഷ കുറഞ്ഞിട്ടുണ്ടോ?

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം 1778.07 കോടി രൂപയാണ്. ബഡ്ജറ്റ് പ്രകാരം തന്നാണ്ടിൽ (2015-16) പ്രതീക്ഷിക്കുന്ന വരുമാനം 2600.66 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ**